**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 507** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി ക്ഷാമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ക്ഷാമം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. മഴയുടെ കുറവും എൽനിനോ പ്രതിഭാസത്താൽ പവർ എക്സ്ചേഞ്ചിലെ ലഭ്യതക്കുറവും മൂലം 16.06.2026 മുതൽ പീക്ക് സമയം വൈദ്യുത ക്ഷാമം നേരിടുന്നുണ്ട്.

കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, മഴയുടെ ലഭ്യതയിലെ കുറവ്, വൈദ്യുതി വിപണിയിലെ ലഭ്യതാ പ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ചില സമയങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജൂൺ മാസത്തിൽ സംസ്ഥാനത്ത് ലഭിച്ച മഴ പ്രതീക്ഷിച്ചതിലും കുറവായതിനാൽ താപനില ഉയർന്ന നിലയിൽ തുടരുകയും, അതിന്റെ ഫലമായി വൈദ്യുതി ഉപഭോഗം പ്രതീക്ഷിച്ചതിനേക്കാൾ ഗണ്യമായി വർധിക്കുകയും ചെയ്തു. പസഫിക് സമുദ്രത്തിൽ എൽനിനോ പ്രതിഭാസം ശക്തി പ്രാപിച്ചതിനെ തുടർന്ന് അന്തരീക്ഷ ഊഷ്മാവ് വർധിച്ചതിനാൽ രാജ്യത്താകെ വൈദ്യുതിലഭ്യതയിൽ വലിയതോതിൽ കുറവാണ് ഉണ്ടായിരിക്കുന്നത്. ജൂൺ 16 മുതൽ തിരികെ നൽകാമെന്ന കരാറിൽ 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്ന് വായ്പയായി വാങ്ങിയ വൈദ്യുതി തിരികെ നൽകേണ്ടതായുണ്ട്.

ജൂൺ മാസത്തിൽ ഹ്രസ്വകാല കരാറുകൾ മുഖേന അധിക വൈദ്യുതി ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ആവശ്യമായ പ്രതികരണം ലഭിക്കാത്തതിനാൽ പ്രസ്തുത വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചില്ല. കൂടാതെ, 2026-27 വർഷത്തിൽ എൽ-നിനോ പ്രതിഭാസം ഇന്ത്യ കാലാവസ്ഥാ വകുപ്പ് (IMD) പ്രവചിച്ചിട്ടുള്ളതിനാൽ വരും മാസങ്ങളിലെ മഴയും ജലലഭ്യതയും സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നു. വൈദ്യുതി ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം പരമാവധി കുറയ്ക്കുന്നതിനായി വിപണിയിൽ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വൈദ്യുതി സമാഹരണ നടപടികൾ തുടരുകയാണ്.

**(ബി)** സംസ്ഥാനത്ത് പവർ കട്ട് നടപ്പിലാക്കാനും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പവർകട്ട് നടപ്പിലാക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപെടുന്ന ഉപഭോക്താക്കളുടെ വൈദ്യുതിചാർജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം വൈദ്യുതി നിയമം 2003ലെ 45, 62, 86 എന്നീ വകുപ്പുകൾ

പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 05.12.2024 -ൽ പുറത്തിറക്കിയ താരിഫ് ഉത്തരവ് പ്രകാരമാണ് ഉപഭോക്താക്കളിൽ നിന്ന് നിലവിൽ വൈദ്യുതിചാർജ് ഈടാക്കി വരുന്നത്. ടി ഉത്തരവുപ്രകാരം 2026 – 27 സാമ്പത്തികവർഷത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31.03.2027-ൽ അവസാനിക്കും. പുതിയ താരിഫ് നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഒന്നും തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നാളിതുവരെ ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**